# കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - മഹിളാപ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ് ഏജന്റുമാർക്കുമുള്ള ക്ഷേമനിധി - പ്രതിഫലം ലഭിക്കാത്ത ഏജൻസിയുമായി ബന്ധപ്പെട്ട അംഗത്വം റദ്ദാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ (ഭരണം - സി) വകുപ്പ്

**സ.ഉ.(പി)നം. 295/13/ധന.** **തീയതി, തിരുവനന്തപുരം, 21/06/2013**

പരാമർശം:- 1. അനൗദ്യോഗിക ഫയൽ നമ്പർ 3326/ദേ.സ.പ.ബി 2/13/ധന.

2. സ.ഉ.(പി)നമ്പർ 405/90/ധന. തീയതി 31/07/1990

3. സ.ഉ.(സാധാ)നമ്പർ 5933/12/ധന. തീയതി 16/06/2012

**<u>ഉത്തരവ്</u>**

ദേശീയ സമ്പാദ്യ പദ്ധതിയിലെ രണ്ട് ഏജൻസിയും ഉള്ള ഏജന്റുമാർക്ക് (മഹിളാപ്രധാൻ ഏജൻസിയും, എസ്.എ.എസ് ഏജൻസിയും) പരാമർശം-3 ലെ ഉത്തരവിൻ പ്രകാരം ഒരു ഏജൻസിയുടെ പ്രവർത്തനത്തിന് മാത്രമേ പ്രതിഫലത്തിന് അർഹതയുള്ളൂ എന്നതുകൊണ്ട് രണ്ട് ഏജൻസിയുടെ കീഴിലും ക്ഷേമനിധി അംഗത്വമുള്ളവർക്ക് ഏതെങ്കിലും ഒരു ഏജൻസിക്ക് കീഴിലുള്ള ക്ഷേമനിധി അംഗത്വം തുടരാൻ കഴിയാതെ വരുമെന്ന സാഹചര്യത്തിൽ പരാമർശം-2 ലെ ഉത്തരവിലെ അനക്സർ-IV, (ii) -ാം ഖണ്ഡികയ്ക്ക് ഭേദഗതി വരുത്തണമെന്ന് പരാമർശം-1 പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിവരം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് ക്ഷേമനിധിയിലും അംഗത്വമുള്ള ഏജന്റുമാർ അവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും പ്രതിഫലം ലഭിക്കുന്ന ഏജൻസിയുമായി ബന്ധപ്പെട്ട ക്ഷേമനിധി അംഗത്വം നിലനിർത്തുകയും സംസ്ഥാന സർക്കാരിൽ നിന്നും പ്രതിഫലം ലഭിക്കാത്ത ഏജൻസിയുമായി ബന്ധപ്പെട്ട ക്ഷേമനിധി അംഗത്വം അവസാനിപ്പിച്ച് ആ തുക, നിലനിർത്തുവാൻ ഉദ്ദേശിക്കുന്ന ക്ഷേമനിധിയിൽ ലയിപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് 31/ജൂലൈ/1990 ലെ സ.ഉ.(പി)നമ്പർ 405/90/ധന ക്ഷേമനിധി നിയമത്തിൽ (അനക്സർ-IV (ii) -ാം ഖണ്ഡികയിൽ)ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ജയ് മേരി ജോൺ**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

3. ഡയറക്ടർ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്
4. എല്ലാ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)
5. നോഡൽ ഓഫീസർ, www.finance.kerala.gov.in
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ